

മാതൃകാ കായിക കൂട്ടായ്മയ്ക്കുള്ള ലോറസ് പുരസ്കാരം നേടിയ സ്ത്രീ ശാക്തീകരണത്തിനായി ജാർഖണ്ഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'യുവ' യിലെ അംഗങ്ങൾ



# ഐ.പി.എൽ പന്ത്രണ്ടാം സീസൺ ആദ്യ ഘട്ട മത്സരക്രമമായി

## ആദ്യ പോരാട്ടം കൊഹ്‌ലി Vs ധോണി



ന്യൂഡൽഹി: ഐ.പി.എൽ പന്ത്രണ്ടാം സീസണിലെ ആദ്യഘട്ട മത്സരക്രമം (ഫിക്സ്ചർ) ബി.സി.സി.ഐ പുറത്തുവിട്ടു. ആദ്യ രണ്ടാഴ്ചത്തെ മത്സരക്രമമാണ് ഇന്നലെ പ്രഖ്യാപിച്ചത്. മാർച്ച് 23ന് നിലവിലെ ചാമ്പ്യൻമാരായ എം.എസ്. ധോണി നയിക്കുന്ന ചെന്നൈ സൂപ്പർ കിംഗ്സും വിരാട് കൊഹ്‌ലി ക്യാപ്ടനായ ബാംഗ്ലൂർറോയൽചലഞ്ചേഴ്സുംതമ്മിലുള്ളമത്സരത്തോടെയാണ് ഇത്തവണത്തെ ഐ.പി.എൽ സീസണിന് തുടക്കമാവുക. ചെന്നൈയാണ് ആദ്യമത്സരത്തിന്റെ വേദി.

ലോക്സഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച കഴിഞ്ഞേ ബാക്കി മത്സക്രമം ഐ.പി.എൽ ഗവേണിംഗ് ബോർഡി തീരുമാനിക്കൂ. ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും രീതിയിലുള്ള പ്രശ്നങ്ങളുണ്ടായാൽ ആദ്യ ഘട്ടമത്സരക്രമത്തിലും മാറ്റം വരുത്തും.

### പതിനേഴ് മത്സരം

ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ആദ്യ ഘട്ടത്തിൽ എട്ട് വേദികളിലായി17 മത്സരങ്ങളാണുള്ളത്. ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സും ഡൽഹി ക്യാപിറ്റൽസും അഞ്ച് മത്സരങ്ങൾ വീതം ആദ്യഘട്ടത്തിൽ കളിക്കും.

ബാക്കി ടീമുകൾ നാല് മത്സരങ്ങൾ വീതവും കളിക്കും. എല്ലാടീമും കുറഞ്ഞത് നാല് മത്സരങ്ങൾക്ക് കളത്തിലിറങ്ങുന്ന വിധത്തിലാണ് ആദ്യഘട്ട മത്സരക്രമം തയ്യാറാക്കിയിരിക്കുന്നത്. ഡൽഹിക്ക് മൂന്ന് ഹോം മത്സരങ്ങളും ബാംഗ്ലൂരിന് മൂന്ന് എവേ മത്സരങ്ങളും കളിക്കേണ്ടതുണ്ട്. മറ്റ് ടീമുകൾക്ക് രണ്ട് വീതം ഹോം എവേ മത്സരങ്ങളാണ് ഉള്ളത്.

### രണ്ട് തവണ വിദേശത്ത്

പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് ഇതിനു മുമ്പ് രണ്ട് തവണ ഐ.പി.എൽ വിദേശ രാജ്യങ്ങളിൽ നടത്തിയിട്ടുണ്ട്. 2009 ൽ ദക്ഷിണാഫ്രിക്കയിൽ വച്ചും 2014ൽ ഭാഗികമായി യു.എ.ഇയിലും വച്ചുമാണ് ഐ.പി.എൽ നടത്തിയത്. ഇത്തവണ ഐ.പി.എൽ വിദേശത്തേക്ക് മാറ്റുന്നത് സംബന്ധിച്ച് ഒരു ആലോചനയും നടന്നിട്ടില്ല.

ഇത്തവണ ഏകദിന ലോകകപ്പും ഐ.പി.എല്ലിന് തലവേദനയാണ്. മേയ് 30 മുതൽ ജൂലായ് 14 വരെയാണ് ഇംഗ്ലണ്ടിൽ ഏകദിന ലോകകപ്പ് നടക്കുന്നത്. അതിനാൽ ഏപ്രിൽ ആദ്യ വാരം തുടങ്ങാറുള്ള ഐ.പി.എൽ ഇത്തവണ നേരത്തേ തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു.

**നിലവിലെ ചാമ്പ്യൻമാർ**
ചെന്നൈ സൂപ്പർകിംഗ്സ്
**റണ്ണറപ്പ്**
സൺറൈസേഴ്സ് ഹൈദരാബാദ്

### ടീമുകൾ

ചെന്നൈ സൂപ്പർകിംഗ്സ്
മുംബയ് ഇന്ത്യൻസ്
ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സ്
ഡൽഹി ക്യാപിറ്റൽസ്
സൺറൈസേഴ്സ് ഹൈദരാബാദ്
രാജസ്ഥാൻ റോയൽസ്
കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്
കിംഗ്സ് ഇലവൻ പഞ്ചാബ്

ഡൽഹി ഡെയർ ഡെവിൾസ് ഈ സീസൺ മുതൽ പേരുമാറ്റി ഡൽഹി ക്യാപിറ്റൽസ് ആയി

### ആദ്യ ഘട്ടത്തിലെ മത്സരക്രമം

മാർച്ച് 23: ചെന്നൈ - ബാംഗ്ലൂർ. ചെന്നൈയിൽ രാത്രി 8 മുതൽ
മാർച്ച് 24: കൊൽക്കത്ത - ഹൈദരാബാദ് വൈകിട്ട് 4 മുതൽ കൊൽക്കത്തയിൽ
മുംബയ് - ഡൽഹി രാത്രി 8 മുതൽ മുംബയിൽ
മാർച്ച് 25: രാജസ്ഥാൻ - പഞ്ചാബ് രാത്രി 8 മുതൽ ജയ്പൂരിൽ
മാർച്ച് 26: ഡൽഹി - ചെന്നൈ രാത്രി 8 മുതൽ ഡൽഹിയിൽ
മാർച്ച് 27: കൊൽക്കത്ത - പഞ്ചാബ് രാത്രി 8 മുതൽ കൊൽക്കത്തയിൽ
മാർച്ച് 28: ബാംഗ്ലൂർ - മുംബയ് രാത്രി 8 മുതൽ ബാംഗ്ലൂരിൽ
മാർച്ച് 29: ഹൈദരാബാദ് - രാജസ്ഥാൻ രാത്രി 8 മുതൽ ഹൈദരാബാദിൽ
മാർച്ച് 30: പഞ്ചാബ് - മുംബയ് വൈകിട്ട് 4 മുതൽ മൊഹാലിയിൽ
ഡൽഹി - കൊൽക്കത്ത രാത്രി 8 മുതൽ കൊൽക്കത്തിയിൽ
മാർച്ച് 31: ഹൈദരാബാദ് - ബാംഗ്ലൂർ വൈകിട്ട് 4 മുതൽ ഹൈദരാബാദിൽ
ചെന്നൈ - രാജസ്ഥാൻ രാത്രി 8 മുതൽ ചെന്നൈയിൽ
ഏപ്രിൽ 1: പഞ്ചാബ് - ഡൽഹി രാത്രി 8 മുതൽ ഡൽഹിയിൽ
ഏപ്രിൽ 2: രാജസ്ഥാൻ - ബാംഗ്ലൂർ രാത്രി 8 മുതൽ ജയ്പൂരിൽ
ഏപ്രിൽ 3: മുംബയ് - ചെന്നൈ രാത്രി 8 മുതൽ മുംബയിൽ
ഏപ്രിൽ 4: ഡൽഹി - ഹൈദരാബാദ് രാത്രി 8 മുതൽ ഹൈദരാബാദിൽ
ഏപ്രിൽ 5: ബാംഗ്ലൂർ - കൊൽക്കത്ത രാത്രി 8 മുതൽ ബാഗ്ലൂരിൽ



ലോറസ് പുരസ്കാരവുമായി ജോക്കോവിച്ച്


## ജോക്കോവിച്ച് ജോറാണ്

മൊണാക്കോ: കായികരംഗത്തെ ഓസ്കാർ എന്നറിയപ്പെടുന്ന ലോറസ് പുരസ്കാരം സെർബിയൻ ലോക ഒന്നാം നമ്പർ ടെന്നിസ് താരം നൊവാക്ക് ജോക്കോവിച്ചിന്. പരിക്കിൽ നിന്ന് മോചിതനായി തിരിച്ചെത്തി കഴിഞ്ഞ വർഷം രണ്ട് ഗ്രാൻഡ്സ്ലാം കിരീടങ്ങൾ സ്വന്തമാക്കിയ മികവിനാണ് ജോക്കോവിച്ച് ലോകത്തെ ഏറ്റവും മികച്ച കായിക താരത്തിനുള്ള ലോറസ് പുരസ്കാരം സ്വന്തമാക്കിയത്. 31 കാരനായ ജോക്കോവിച്ച് കൈമുട്ടിലെ ശസ്ത്രക്രിയ കഴിഞ്ഞുള്ള വിശ്രമത്തിന് ശേഷം തിരിച്ചെത്തിയാണ് 2018ൽ വിംബിൾഡണും യു.എസ് ഓപ്പണും സ്വന്തമാക്കിയത്. ഇത്തവണത്തെ ആസ്ട്രേലിയൻ ഓപ്പണും ജോക്കോവിച്ചാണ് നേടിയത്.

ലോകകപ്പ് ഫുട്ബാൾ കിരീടം സ്വന്തമാക്കിയ ഫ്രാൻസിന്റെ യുവതാരം കെയ്‌ലിയൻ എംബാപ്പെയേയും എൻ.ബി.എ സൂപ്പർ താരം ലെബ്രോൺ ജെയിംസിനെയും ലോക ഫുട്ബാളർ ലൂക്ക മൊഡ്രിച്ചിനെയും ഫോർമുലവൺ ചാമ്പ്യൻ ലൂയിസ് ഹാമിൽട്ടണെയും പിന്തള്ളിയാണ് നാലാം തവണ ജോക്കോവിച്ച് ലോറസ് അവാർഡ് സ്വന്തമാക്കിയത്. ജമൈക്കൻ സ്പ്രിന്റർ ഉസൈൻ ബോൾട്ട്, സ്വിസ് ടെന്നീസ് താരം റോജർ ഫെഡറർ എന്നിവർ നേരത്തെ നാലുതവണ പുരസ്കാരം നേടിയിട്ടുണ്ട്. അമേരിക്കൻ ജിംനാസ്റ്റിക് സെൻസേഷൻ സിമോണെ ബൈൽസാണ് മികച്ച വനിതാ താരം.

ലോക ചാമ്പ്യൻഷിപ്പിൽ പുറത്തെടുത്ത മിന്നും പ്രകടനമാണ് 21 കാരിയായ ബൈൽസിനെ പുരസ്കാരത്തിന് അർഹയാക്കിയത്. പുരസ്കാര ചടങ്ങിൽ ഇന്ത്യയ്ക്കും അഭിമാനിക്കാൻവകയുണ്ട്. മാതൃകാകായികകൂട്ടായ്മയ്ക്കുള്ള ലോറസ് പുരസ്കാരം സ്ത്രീ ശാക്തീകരണത്തിനായി ജാർഖണ്ഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'യുവ' എന്ന എൻ.ജി.ഒ സ്വന്തമാക്കി കായിക ലോകത്തിന്റെ കൈയടി നേടി. കഴിഞ്ഞ വർഷം ലോകകപ്പ് ഫുട്ബാൾ ചാമ്പ്യൻമാരായ ഫ്രാൻസ് ടീമിനാണ് ലോറസ് ലോക ടീമിനുള്ള പുരസ്കാരം.

ബ്രേക്ക്ത്രൂ പുരസ്കാരം ജാപ്പനീസ് ടെന്നിസ് താരം നവോമി ഒസാക്ക സ്വന്തമാക്കി. മികച്ച തിരിച്ചുവരവിനുള്ള പുരസ്കാരം ഗോൾഫ് താരം ടൈഗർ വുഡ്സിനാണ്. ലൈഫ്ടൈം അവാർഡിന് മുൻ ആഴ്സണൽ പരിശീലകൻ അഴ്സെയിൻ വെംഗർ അർഹനായി.



പോഗ്ബ മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ രണ്ടാം ഗോൾ നേടിയപ്പോൾ

## ചെൽസിയെ ചതച്ച് യുണൈറ്റഡ്

■ചെൽസിയെ കീഴടക്കി മാഞ്ചസ്റ്റർ യുണൈറ്റഡ് എഫ്.എ കപ്പ് ക്വാർട്ടറിൽ കടന്നു

ലണ്ടൻ: ഫുട്ബാൾ ലോകം ആകാംഷയോടെകാത്തിരുന്നപോരാട്ടത്തിൽ ചെൽസിയെ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് കീഴടക്കി മാഞ്ചസ്റ്റർ യുണൈറ്റഡ് എഫ്.എ കപ്പ് ഫുട്ബാൾ ടൂർണമെന്റിന്റെ ക്വാർട്ടർ ഫൈനലിൽ കടന്നു. 31-ാം മിനിറ്റിൽ ആൻഡർ ഹെരേരയും 45-ാം മിനിറ്റിൽ പോൾ പോഗ്ബയുമാണ് യുണൈറ്റഡിന്റെ ഗോളുകൾ നേടിയത്. ഹെരേരയ്ക്ക് ഗോളടിക്കാൻ പാകത്തിൽ പന്തെത്തിച്ചും മികച്ച പ്രകടനം പുറത്തെടുത്ത പോഗ്ബയാണ് യുണൈറ്റഡിന്റെ വിജയ ശില്പി. വൂൾവ്സാണ് ക്വാർട്ടറിൽ യുണൈറ്റഡിന്റെ എതിരാളികൾ. തുടർച്ചയായ അഞ്ചാം തവണയാണ് യുണൈറ്റഡ് ക്വാർട്ടറിൽ എത്തുന്നത്.

ചെൽസിയുടെ തട്ടകമായ സ്റ്റാം ഫോർഡ് ബ്രിഡ്ജ് വേദിയായ മത്സരത്തിൽ ആതിഥേയർ തന്നെയായിരുന്നു ബാൾ പൊസഷനിലും പാസിംഗിലും മികച്ച് നിന്നത്. എന്നാൽ ലക്ഷ്യത്തിൽ പന്തെത്തിക്കുന്നതിൽ അവർ പരാജയപ്പെടുകയായിരുന്നു. ക്രോസ് ബാറിന് കീഴിൽ മാഞ്ചസ്റ്ററിന്റെ അർജന്റീനിയൻ ഗോളി റൊമീറൊ മികച്ച പ്രകടനമാണ് പുറത്തെടുത്തത്.

തുടക്കം മുതൽ ചെൽസി ഈഡൻ ഹസാർഡിന്റെ നേതൃത്വത്തിൽ യുണൈറ്റഡിന്റെ ഗോൾ മുഖത്തേക്ക് പന്തുമായെത്തി. 11-ാം മിനിറ്റിൽ ചെൽസി ഗോളിന് അടുത്ത് വരെയെത്തിയെങ്കിലും റൊമീറോയുടെ ഇരട്ട സേവുകൾ വിലങ്ങ് തടിയായി. ഡേവിഡ് ലൂയിസ് എടുത്ത ഫ്രീകിക്ക് ഇടത്തോട്ട് ചാടി റൊമീറൊ തട്ടിയകറ്റിയെങ്കിലും പന്ത് നേരെ ചെന്നത് പെഡ്രോയുടെ കാലുകളിലേക്ക്. പെഡ്രോയുടെ കനത്ത ഷോട്ട് റൊമീറൊ നെഞ്ച് കൊണ്ട് തടുത്ത് കൈയിലൊതുക്കി അപകടം ഒഴിവാക്കുകയായിരുന്നു. 31-ാം മിനിറ്റിൽ ചെൽസിയെ ഞെട്ടിച്ച് യുണൈറ്റഡ് ലീഡ് നേടി. ഇടതു വിംഗിൽ നിന്ന് പോഗ്ബ അളന്നുകുറിച്ചെന്നവണ്ണം നൽകിയ ക്രോസ് ഹെരേര പിഴവൊന്നുമില്ലാതെ വലയിലാക്കുകയായിരുന്നു.

45-ാം മിനിറ്റിൽ യുണൈറ്റഡ് ലീഡ് രണ്ടായി ഉയർത്തി. യംഗ് നീട്ടി നൽകിയ പന്ത് വലതു വിംഗിൽ നിന്ന് റാഷ് ഫോർഡിന് കിട്ടി. റാഷ്ഫോർഡ് നൽകിയ ക്രോസിന് വായുവിൽ പറന്നുള്ള പോഗ്ബയുടെ ഹെഡ്ഡർ ചെൽസി ഗോളി കെപയുടെ കൈയിൽ തട്ടി വലയിൽ കയറുകയായിരുന്നു.

രണ്ടാം പകുതിയിൽ ഗോളിനായി ചെൽസി കിണഞ്ഞു ശ്രമിച്ചെങ്കിലും ലക്ഷ്യം കാണാനായില്ല.

## ചാമ്പ്യൻസ് ലീഗിൽ ഇന്ന് തീപാറും പോരാട്ടങ്ങൾ

മാഡ്രിഡ്: യൂറോപ്യൻ ചാമ്പ്യൻസ് ലീഗിൽ ഇന്ന് രാത്രി തീപാറും പോരാട്ടങ്ങൾ. പ്രീക്വാർട്ടർ ആദ്യ പാദത്തിൽ സ്പെയിനിൽ അത്‌ലറ്റിക്കോ മാഡ്രിഡ് ഇറ്റാലിയൻ വമ്പൻമാരായ യുവന്റസിനെയും ജർമ്മൻ ക്ലബ് എഫ്.സി ഷാൽക്കെ 04 ഇംഗ്ലീഷ് പ്രിമിയർ ലീഗ് ചാമ്പ്യൻമാരായ മാഞ്ചസ്റ്റർ സിറ്റിയെയും നേരിടും. രാത്രി 1.30 മുതലാണ് മത്സരം.

സൂപ്പർതാരം ക്രിസ്റ്റ്യാനൊ റൊണാൾഡോയുടെ കരുത്തിൽ ഇത്തവണ ചാമ്പ്യൻസ് ലീഗ് കിരീടം ലക്ഷ്യമാക്കി ബൂട്ട് കെട്ടുന്ന യുവന്റസിന് അത്‌ലറ്റിക്കോയുടെ തട്ടകമായ സ്റ്റേഡിയോ വാൻഡ മെട്രോപൊളിറ്റാനൊയിൽ ഇന്ന് കടുത്ത വെല്ലുവിളിയാണ് കാത്തിരിക്കുന്നത്.

സ്വന്തം മൈതാനത്ത് ചാമ്പ്യൻസ് ലീഗ് നോക്കൗട്ട് ഘട്ടത്തിൽ അവസാനം കളിച്ച 12 മത്സരങ്ങളിലും അത്‌ലറ്റിക്കോ തോറ്റിട്ടില്ല. ഇവിടെ അവസാനം കളിച്ച പത്ത് ചാമ്പ്യൻസ് ലീഗ് നോക്കൗട്ട് മത്സരങ്ങളിൽ ഒരു ഗോൾ മാത്രമേ അവർ വഴങ്ങിയിട്ടുള്ളൂ. കഴിഞ്ഞ ആറ് സീസണുകളിൽ അഞ്ചിലും നോക്കൗട്ട് റൗണ്ടിൽ എത്തിയ ടീമാണ് അത്‌ലറ്റിക്കോ. ഡിയാഗോ സിമിയോണിയുടെ പരിശീലനത്തിൻ കീഴിൽ ഇറ്റാലിയൻ ക്ലബുകൾക്കെതിരെ ചാമ്പ്യൻസ് ലീഗിൽ ഇതുവരെ ഒരു മത്സരവും തോറ്റിട്ടില്ലെന്ന റെക്കാഡും അവരുടെ ആത്മ വിശ്വാസം കൂട്ടുന്നു. എന്നാൽ റൊണാൾഡോ, ഡിബാല, ഖദീര, ചെല്ലീനി എന്നിവരുടെയെല്ലാം കളിമികവിൽ അന്റോയിൻ ഗ്രീസ്മാനെയും സംഘത്തെയും തളയ്ക്കാമെന്ന കണക്കുകൂട്ടലിലാണ് യുവന്റസ്.

മറ്റൊരു മത്സരത്തിൽ ജർമ്മൻ ക്ലബുകൾക്കെതിരെ അവസാനം കളിച്ച ആറ് ചാമ്പ്യൻസ് ലീഗ് മത്സരങ്ങളിലും തോറ്റിട്ടില്ല എന്ന ധൈര്യത്തിലാണ് മാഞ്ചസ്റ്റർ സിറ്റി ഷാൽക്കെ 04നെ നേരിടുന്നത്. ചാമ്പ്യൻസ് ലീഗ് പ്രവീക്വാർട്ടറിൽ അവസാനമെത്തിയ മൂന്ന് തവണയും ഷാൽക്കെ തോറ്റിരുന്നു. ഇത്തവണ ആ ചീത്തപ്പേര് മാറ്റാമെന്നാണ് മറുവശത്ത് ഷാൽക്കെയുടെ പ്രതീക്ഷ.



അത്‌ലറ്റിക്കോ മാഡ്രിഡിനെ നേരിടാനൊരുങ്ങുന്ന യുവന്റസിന്റെ ഖദീര, പജാനിക്ക്, റൊണാൾഡോ എന്നിവർ പരിശീലനത്തിൽ



ഐ.എസ്.എല്ലിൽ ഇന്നലെ നോർത്ത് ഈസ്റ്റിനെ നേരിടുന്നതിന് മുൻപ് എഫ്.സി പൂനെ സിറ്റി താരങ്ങൾ പരിശീലനത്തിനിറങ്ങിയപ്പോൾ



പഞ്ചാബിലെ അമൃത്സറിലെ ഗുരുനാനാക്ക് ദേവ് യൂണിവേഴ്സിറ്റിയിൽ നടന്ന ആൾ ഇന്ത്യ ഇന്റർസോൺ പെൻകാക്ക് സിലാട്ട് ചാമ്പ്യൻഷിപ്പിൽ ദക്ഷിണേന്ത്യയ്ക്ക് വേണ്ടി 2 വെള്ളിയും ഒരു വെങ്കലവും നേടിയ കേരള താരങ്ങളായ പ്രജേഷ് പി, സൂരജ്, സൂര്യജിത്ത് എ.എസ് എന്നിവർ കോച്ച് ഷാജ് എസ്.കെ, കേരള പെൻകാക്ക് സിലാട്ട് അസോസിയേഷൻ പ്രസിഡന്റ് വണ്ടിത്തടം മധു എന്നിവർക്കൊപ്പം

## അണ്ടർ19 ചതുർദിന മത്സരം ഇന്ന് മുതൽ

തിരുവനന്തപുരം: ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള അണ്ടർ19 ചതുർദിന ക്രിക്കറ്റ് ടൂർണമെന്റിലെ ആദ്യ മത്സരം ഇന്ന് ആരംഭിക്കും. തിരുവനന്തപുരം സെന്റ് സേവ്യേഴ്സ് കെ.സി.എ ക്രിക്കറ്റ് ഗ്രൗണ്ടിലാണ് മത്സരം.

ഇന്ത്യൻ ടീമിൽ കേരള താരങ്ങളായ വരുൺ നായനാരെയും വത്സൽ ഗോവിന്ദിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരു ടീമുകളും ചൊവ്വാഴ്ച സെന്റ് സേവ്യേഴ്സ് ഗ്രൗണ്ടിൽ പരിശീലനം നടത്തി.

രാഹുൽ ദ്രാവിഡാണ് ഇന്ത്യൻ ടീമിന്റെ പരിശീലകൻ. ഈ മാസം 26 മുതൽ മാർച്ച് 1 വരെ തിരുവനന്തപുരം സ്പോർട്സ് ഹബിലാണ് രണ്ടാമത്തെ ചതുർദിന മത്സരം.



ഇന്ത്യ അണ്ടർ19 ടീമിലെ മലയാളിതാരം വരുൺ നായനാർ പരിശീലനത്തിൽ
ഫോട്ടോ: സുഭാഷ് കുമാരപുരം